(ബി) പ്രസ്തുത പാലങ്ങൾ പുതുക്കിപ്പണിയുന്നതിനായി എത്ര പ്രാവശ്യം അവലോകന യോഗം ചേർന്നിട്ടുണ്ട്, എന്നായിരുന്നു പ്രസ്തുത യോഗം; പ്രസ്തുത യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങൾ ആണ് എടുത്തതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പാലങ്ങൾ നവീകരിക്കാൻ ഏത് ഏജൻസിയെയാണ് സർക്കാർ ചുമതലപ്പെടുത്തിയത്; അതിനായി നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഈ പാലങ്ങൾ പുതുക്കി പണിയുന്നത് സംബന്ധിച്ച് പൊതുമരാമത്ത് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-1-2012-ൽ ഒരു അവലോകന യോഗം നടന്നിട്ടുണ്ട്. ഈ യോഗ തീരുമാനപ്രകാരം പുതിയ പാലങ്ങൾ നിർമ്മിക്കാനുള്ള അനന്തര നടപടികൾക്കായി കെ.എസ്.ടി.പി.-യെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ പാലങ്ങളുടെ നിർമ്മാണം നടത്തുന്നതിനായി 7.1 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ലോകബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. ലോകബാങ്കിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ഊട്ടറയിൽ റെയിൽവേ മേൽപ്പാലം

276(1347) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് -പൊള്ളാച്ചി ഗേജ് മാറ്റം പൂർത്തിയായി ട്രെയിനുകൾ ഓടിതുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി കൊല്ലങ്കോട്- പാലക്കാട് റൂട്ടിൽ അനുഭവപ്പെടുന്ന ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിന് കൊല്ലങ്കോട് ഊട്ടറയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊല്ലങ്കോട് ഊട്ടറയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly